"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ സെന്റ് ജോസഫ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജയറാം കുമാർ ആർ. നെ നോമിനേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3484/2026/GEDN    തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014.
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023.
5. ജി.ഒ.(ആർ.റ്റി) നം.4048/2025/പൊവിവ തീയതി 20/06/2025.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 30/04/2026-ലെ HSE/9030/2026-Acd C1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ സെന്റ് ജോസഫ് എച്ച്.എസ്.എസ്.ലെ താഴെ പറയുന്ന എച്ച്.എസ്.എസ്.റ്റി തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജയറാം കുമാർ ആർ. നെ നോമിനേറ്റ് ചെയ്യുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം) പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

| ക്രമ നം. | തസ്തിക | നിയമന രീതി | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | എച്ച്.എസ്.എസ്.റ്റി. ബോട്ടണി | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |
| 2 | എച്ച്.എസ്.എസ്.റ്റി. ഗണിതം | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |
| 3 | എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |

2.2020-ൽ പ്രസ്തുത സ്കൂളിൽ എച്ച് എസ് എസ് റ്റി വിഭാഗത്തിൽ ഉണ്ടായ ഏക ഒഴിവായ എച്ച് എസ് എസ് റ്റി ബോട്ടണി തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകാൻ യോഗ്യതയുള്ള എച്ച് എസ് എ-മാർ ആരും തന്നെയില്ല എന്ന് സീനിയോററ്റി ലിസ്റ്റ് പരിശോധിച്ചതിൽ മനസ്സിലായിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിന് എച്ച് എസ് എസ് റ്റി ജൂനിയർ തസ്തിക നിലവിലില്ലെന്നും ആയതിനാൽ നേരിട്ടുള്ള നിയമനം നടത്താനുള്ള മാനേജരുടെ നടപടി ശരിയാണെന്ന് കാണുന്നുവെന്നും 2023-ൽ ആകെ നാല് ഒഴിവുകളാണ് എച്ച് എസ് എസ് റ്റി വിഭാഗത്തിൽ നിലവിൽ വന്നതെന്നും അതിൽ 31.05.2023-ൽ ശ്രീ ജോൺ സതീഷ് എച്ച് എസ് എസ് ടി ഇംഗ്ലീഷ് വിരമിച്ച ഒഴിവിൽ എച്ച് എസ് എ മാരിൽ സീനിയർ ആയിട്ടുള്ള ശ്രീ ഗ്ലേവിയസിന് മാനേജർ ബൈട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ടെന്നും 31.05.2023-ൽ വിരമിച്ച ശ്രീ ജോയ് ജെ-യുടെ (എച്ച് എസ് എസ് റ്റി ഹിന്ദി) ഒഴിവ് ഭിന്നശേഷി ഉദ്യോഗാർഥികളെ നിയമിക്കാനായി മാനേജർ മാറ്റിവയ്ക്കുകയും അത് സംബന്ധിച്ച വിവരങ്ങൾ ജില്ലാ സമിതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നുമാണ് ആർ ഡി ഡി റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും പൊതു വിദ്യാഭ്യാസഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.ശ്രീ. ജയറാം കുമാർ ആർ. നെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള മാനേജരുടെ കത്ത്, സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീ. ജയറാം കുമാർ ആർ. ന്റെ സമ്മതപത്രം, 2025-26 അക്കാദമിക് വർഷം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാളിന്റെ ഡിക്ലറേഷൻ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. പരാമർശം 5 പ്രകാരം അംഗീകരിച്ച 2025-26 ലെ അംഗീകൃത പാനലിൽ ശ്രീ. ജയറാം കുമാർ ആർ. ന്റെ പേര് സീരിയൽ നമ്പർ 37 ആയി ഉൾപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടിയാളിന് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ ചട്ടം 32 പ്രകാരമാണ് നടത്തുന്നതെന്ന് ഗവ.പ്രതിനിധി ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നും 2025-26 അധ്യയന വർഷം അവസാനിച്ച സാഹചര്യത്തിൽ ടി നിയമനങ്ങൾക്ക് 2026-27 അധ്യയന വർഷം മുതലേ അംഗീകാരം നൽകാവൂ എന്നുമുള്ള വ്യവസ്ഥകളിന്മേൽ 2026-27 അധ്യയന വർഷം ടി തസ്തിക നിലനിൽക്കുന്നുണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിലെ സെൻറ് ജോസഫ് എച്ച്.എസ്.എസ്. ലെ മുകളിൽ പറഞ്ഞിരിക്കുന്ന എച്ച്.എസ്.എസ്.റ്റി തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ്

സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജയറാം കുമാർ ആർ. നെ കെ.ഇ.ആർ. അദ്ധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 014.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം തിരുവനന്തപുരം.

ശ്രീ.ജയറാം കുമാർ ആർ., അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (സെക്രട്ടറി നോൺ റെസിഡന്റെ് ഇൻഡ്യൻസ് (കേരളൈറ്റ്സ്) കമ്മീഷൻ, തൈക്കാട്, തിരുവനന്തപുരം)

മാനേജർ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/74/2026/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 22-05-2026 10:18:37

സെക്ഷൻ ഓഫീസർ